"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച 212.50 കോടി രൂപ വിനിയോഗിച്ച് യൂണിറ്റ് നിരക്ക് നിശ്ചയിച്ചിട്ടില്ലാത്ത ഇനങ്ങൾ ഉൾപ്പെടുത്തി ജീവനോപാധികൾക്ക് പ്രോജക്ട് തയ്യാറാക്കുന്നതിന് - അധിക നിർദ്ദേശങ്ങൾ നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.400/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 17/02/2020

---

പരാമർശം:- 1 സ.ഉ.(കൈ)നം.170/2019/തസ്വഭവ, തീയതി 23.12.2019

2 കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറിയുടെ 21.01.2020 -ലെ കത്ത്

3 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 28.01.2020 ന് കൂടിയ യോഗത്തിന്റെ 4.50 നമ്പർ തീരുമാനം

<u>ഉത്തരവ്</u>

പ്രളയ ബാധിത തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ച പ്രത്യേക വിഹിതമായ 212.50 കോടി രൂപ വിനിയോഗിക്കുന്നതിനുള്ള മാർഗരേഖ പരാമർശം (1) ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത തുക പ്രധാനമായും ജീവനോപാധികൾക്കാണ് ഉപയോഗിക്കേണ്ടത്. ജീവനോപാധികൾ ചിലതിനൊക്കെ മാർഗ്ഗരേഖ പ്രകാരം യൂണിറ്റ് നിരക്ക് നിശ്ചയിച്ചിട്ടുണ്ടെങ്കിലും പ്രാദേശിക സ്ഥിതിക്ക് അനുസൃതമായ ജീവനോപാധികൾക്ക് പ്രോജക്ട് തയ്യാറാക്കുമ്പോൾ പല ഇനങ്ങൾക്കും യൂണിറ്റ് നിരക്ക് മാർഗ്ഗരേഖയിൽ ഇല്ലാത്തതിനാൽ പ്രോജക്ട് തയ്യാറാക്കി വെറ്റ് ചെയ്ത് ജില്ലാ ആസൂത്രണ സമിതിക്ക് നൽകാൻ കഴിയുന്നില്ല എന്നും ഇത് പരിഹരിക്കാൻ നടപടിയെടുക്കണമെന്നും കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി പരാമർശം (2) പ്രകാരം കത്ത് നൽകിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമ്പത്തിക വർഷം അവസാനിക്കാറായ ഈ ഘട്ടത്തിൽ ഓരോന്നിനും സർക്കാർ തലത്തിൽ യൂണിറ്റ് നിരക്ക് നിശ്ചയിച്ച് നൽകുന്നതിന് കാലതാമസം നേരിടും എന്നതിനാൽ പരാമർശം (3) യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത വിഷയത്തിൽ താഴെപ്പറയുന്ന ക്രമീകരണം ഈ സാമ്പത്തിക വർഷത്തേയ്ക്ക് മാത്രമായി നടത്താൻ ഉത്തരവാകുന്നു.

3. പ്രളയത്തിൽ നഷ്ടപ്പെട്ട ജീവനോപാധികളോ അതിനു പകരമായി മറ്റു തൊഴിൽ ചെയ്യുന്നതിനുള്ള ഉപകരണങ്ങൾ/ മെഷീനറികൾ തുടങ്ങിയവ വാങ്ങുന്നതിനോ ധനസഹായം നൽകാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ ഉദ്ദേശിക്കുന്നുവെങ്കിൽ അവ നൽകാവുന്നതാണ്. ഇതിനായി താൽക്കാലിക ക്രമീകരണം എന്ന നിലയിൽ ആസൂത്രണ മാർഗ്ഗരേഖ പ്രകാരമുള്ള നൂതന പ്രോജക്ടുകൾ തയ്യാറാക്കുന്ന രീതിയിൽ പ്രോജക്ടുകൾ തയ്യാറാക്കാവുന്നതാണ്. നൂതന പ്രോജക്ടിന് അംഗീകാരം നൽകുന്നതിനുള്ള ജില്ലാതല കമ്മിറ്റി ഇവ പരിശോധിച്ച് ഇതിന്മേൽ തീരുമാനമെടുക്കുന്നതിന് അനുമതി നൽകുന്നു. ഇതിന്റെ യൂണിറ്റ് നിരക്കും പരമാവധി നൽകാവുന്ന സബ്സിഡി നിരക്കും ജില്ലാതല നൂതന പ്രോജക്ടുകൾക്കുള്ള കമ്മിറ്റിക്ക് തീരുമാനിക്കാവുന്നതാണ്. എന്നാൽ സാമാന്യ രീതിക്ക് അപ്പുറമുള്ള ധനസഹായം നൽകുന്നതിന് അനുമതി പരിഗണിക്കാവുന്നതല്ല. കൂടാതെ ചില ജീവനോപാധികൾ നൽകാവുന്നതല്ല എന്ന് മാർഗ്ഗരേഖയിൽ പറഞ്ഞിട്ടുണ്ടെങ്കിലും (ഉദാ. തയ്യൽ മെഷീൻ) ഇത്തരം ഉപകരണങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ അവ പുനഃസ്ഥാപിക്കുന്നതിനും പ്രോജക്ടുകൾ തയ്യാറാക്കാവുന്നതാണ്.

4. വ്യക്തികൾക്ക് മാർഗ്ഗരേഖയിൽ പരാമർശിക്കും പോലെയല്ലാതെ ജീവനോപാധി ഉപകരണങ്ങൾ നൽകുമ്പോൾ അവ ഗ്രാമപഞ്ചായത്ത് തലത്തിൽ മാത്രം നൽകേണ്ടതാണ്. എന്നാൽ സംയുക്ത പ്രോജക്ടുകളുടെ കാര്യത്തിൽ ഇത് ബാധകമാക്കേണ്ടതില്ല. നഷ്ടപെട്ട ജീവനോപാധികൾ പുനഃസ്ഥാപിക്കുമ്പോൾ അത് കഴിവതും സമഗ്രവും സംയോജിതവുമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

5. ഇപ്രകാരം നൽകുന്ന സഹായം, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി പ്രളയബാധിതരായി അംഗീകരിച്ചവർക്ക് മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. ജീവനോപാധികൾ നഷ്ടമായവർക്ക് അതിനുള്ള നഷ്ടപരിഹാരം നേരത്തെ നൽകിയിട്ടുണ്ടെങ്കിൽ അവർക്ക് വീണ്ടും ഇപ്രകാരം സഹായം അനുവദിക്കേണ്ടതില്ല.

6. മേൽ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നടപടി സ്വീകരിക്കാവുന്നതാണ്. ഇതിനാവശ്യമായ തുടർക്രമീകരണങ്ങൾ കാലതാമസം കൂടാതെ ജില്ലാ കളക്ടർമാരും ജില്ലാ പ്ലാനിംഗ് ഓഫീസർമാരും ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ